പ്രതികരണം

നാജിദാബാനു ആദിരാജ

# സംവാദങ്ങളുടെ രീതിശാസ്ത്രം

**സംവാദങ്ങളുടെ** ഇസ്‌ലാമികമാനം വിവരിച്ചുകൊണ്ടുള്ള രണ്ട് പണ്ഡിത വ്യക്തിത്വങ്ങളുടെ വീക്ഷണഗതികൾ വായിച്ചു (ലക്കം 11). എം.എം അക്ബറും ശൈഖ് മുഹമ്മദ് കാരകുന്നും സംവാദങ്ങളിൽ അവരവർ പുലർത്താറുള്ള ശൈലിയുടെ സാധുത സമർഥിക്കാനാണ് ശ്രമിക്കുന്നത്. ആരോഗ്യകരമായ സംവാദത്തിന് വേദിയൊരുക്കിയതിന് *പ്രബോധന*ത്തിന് അഭിനന്ദനം. ശൈഖ് മുഹമ്മദ് കാരകുന്ന് അനുവാചകന്റെ ചിന്താപരവും ബുദ്ധിപരവും വികാരപരവുമായ സംവേദനക്ഷമതയെ പരിഗണിക്കുമ്പോൾ, യുക്തിയുടെയും ജ്ഞാനത്തിന്റെയും അകമ്പടിയോടെ അനുവാചകനെ മലർത്തിയടിച്ച് സത്യത്തിന്റെ അധീശത്വം സ്ഥാപിച്ചെടുക്കാൻ എം.എം അക്ബർ വെമ്പൽ കൊള്ളുന്നു.

രണ്ടു ലേഖനങ്ങളും മനസ്സിരുത്തി വായിച്ചപ്പോൾ കൊച്ചുനാളിൽ പറഞ്ഞുകേട്ട ഒരു നാടോടിക്കഥയാണ് ഓർമയിൽ വന്നത്. വാർധക്യ സഹജമായ അവശതയിൽ കഴിയുകയായിരുന്ന ഒരു ചക്രവർത്തിക്ക് തന്റെ ഭാവിയെന്തെന്നറിയാൻ അതിയായ ഉത്കണ്ഠയുണ്ടായി. രാജാവിന്റെ ആജ്ഞപ്രകാരം നാട്ടിലുള്ള ഏറ്റവും വിദഗ്ധനായ ഒരു ഹസ്തരേഖാ ശാസ്ത്രിയെ തന്നെ രാജസദസ്സിൽ ഹാജരാക്കി. ഹസ്തരേഖ കാണുന്നതിന് മുമ്പു തന്നെ രാജാവിന്റെ ശരീരഭാഷ തിരിച്ചറിഞ്ഞ ശാസ്ത്രിക്ക് കാര്യങ്ങൾ മനസ്സിലായി. സത്യത്തെ മിഠായിയിൽ പൊതിയാനറിയാത്ത ശാസ്ത്രി തുറന്ന പ്രകൃതക്കാരനായിരുന്നു. പ്രവചനത്തിലെ ഫലസിദ്ധിയിൽ അയാൾക്ക് നൂറ് ശതമാനം ഉറപ്പ്. തന്റെ പ്രശസ്തി ഒന്നുകൂടി വർധിക്കുമല്ലോ എന്നോർത്ത് അയാൾ ഭവ്യതയോടെ മൊഴിഞ്ഞു. "മഹാരാജൻ നീണാൾ വാഴട്ടെ, അങ്ങ് ദിവംഗതനാവാൻ പോകുന്നു." രാജാവിനെക്കാൾ നേരത്തെ കിങ്കരന്മാരാൽ കൈനോട്ടക്കാരൻ യമപുരി പൂകി. ഏറെ വിഭ്രാന്തിപൂണ്ട രാജാവിന് മുന്നിൽ അടുത്തയാളുടെ ഊഴമെത്തി. ഒറ്റനോട്ടത്തിൽ അദ്ദേഹവും രാജാവിന്റെ ഭാവി തിരിച്ചറിഞ്ഞു. ഒന്നാമന്റെ ദുരവസ്ഥ തിരിച്ചറിഞ്ഞിട്ടും സത്യത്തോടു പ്രതിപത്തിയുള്ള രണ്ടാമന് കള്ളം പറയാൻ തോന്നിയില്ല. അയാൾ തെല്ല് വിറയലോടെ മൊഴിഞ്ഞു. "മഹാരാജൻ നീണാൾ വാഴട്ടെ, അങ്ങയുടെ കീർത്തി അതിർത്തികൾ ഭേദിച്ച് പരക്കാൻ പോകുന്നു. അങ്ങയുടെ സീമന്തപുത്രൻ യുവരാജൻ കിരീടാരോഹിതനാവാൻ പോകുന്നു." രാജാവും സദസ്സും കോൾമയിർ കൊണ്ടു. ശാസ്ത്രികൾ കൊട്ടാരം വിദൂഷകനായി അവരോധിക്കപ്പെട്ടു. ഒരേ സത്യം വിളിച്ചു പറഞ്ഞ രണ്ടു പേരുടെ അവസ്ഥയാണ് ഇവിടെ കണ്ടത്. ഒരാളുടെ തലപോയി, മറ്റെയാൾക്ക് ഉന്നത പട്ടവും. ഇതാണ് 'ഹിക്മത്തി'ന്റെ ഭാഷ. അതിൽ സർവമതസത്യവാദമോ മിഠായിയിൽ പൊതിഞ്ഞ പ്രീണനമോ ഇല്ല.

അക്ബർ സാഹിബിന്റെ ചില സംവാദങ്ങളുടെ വി.സി.ഡി കാണാൻ കഴിഞ്ഞിട്ടുണ്ട്. അടുത്തകാലത്തായി സംവാദത്തിൽ അദ്ദേഹം മിതത്വം പുലർത്താൻ ശ്രമിക്കാറുണ്ടെങ്കിലും ആദ്യകാലത്തെ പല സംവാദങ്ങളിലും ചോദ്യകർത്താക്കളെ അടിച്ചിരുത്തുന്ന രീതി സ്വീകരിച്ചതായി തോന്നിയിട്ടുണ്ട്. ഇത് വിപരീത ഫലമുളവാക്കുമെന്നതിൽ രണ്ടഭിപ്രായമില്ല. എന്റെ കോഴിക്കോട്ടുള്ള ക്രിസ്ത്യൻ സുഹൃത്ത് അക്ബർ സാഹിബിന്റെ ഒരു സദസ്സിൽ പങ്കെടുത്ത അനുഭവം വിവരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മറുപടിയെക്കാളേറെ അവരെ വേദനിപ്പിച്ചത് മുസ്‌ലിം കാണികളുടെ പരിഹാസച്ചിരിയാണ്. ക്ഷണിച്ചുകൊണ്ടുപോയി അപമാനിച്ചതായാണ് അവർക്ക് തോന്നിയത്. ഇത്തരം ചിരികളിലേക്ക് മുസ്‌ലിം കാണികളെ നയിച്ചതാകട്ടെ, അക്ബർ സാഹിബിന്റെ മറുപടിയിലെ കടന്നാക്രമണമാണ്. ഉരുളക്ക് ഉപ്പേരി മറുപടിയിലൂടെ അനുവാചകരെ കീഴ്പ്പെടുത്തുമ്പോൾ തോൽവിയും ജയവുമെന്ന വാശിയാണവിടെ പ്രതിഫലിക്കുക.

ഇത് ഒന്നുകൂടി വ്യക്തമാകണമെങ്കിൽ ശൈഖ് അഹ്മദ് ദീദാത്ത്, ഡോ. സാകിർ നായ്ക് തുടങ്ങിയവർ സംവാദങ്ങളിൽ പുലർത്തുന്ന രീതിശാസ്ത്രം ശ്രദ്ധിക്കുക. ഇസ്‌ലാമിന്റെ കൊടിയ ശത്രുക്കൾ പോലും കൈയടിച്ചുപോകുന്നതാണത്. ക്രിസ്തീയ പാതിരിമാരും അഹ്മദ് ദീദാത്തും തമ്മിലുള്ള സംവാദങ്ങളിൽ അവർ പുലർത്തുന്ന മ്യൂച്വൽ റസ്പക്ടിലതു തുടങ്ങുന്നു. അടുത്ത കാലത്ത് ഡോ. സാകിർ നായ്കും ശ്രീ ശ്രീ രവിശങ്കറും തമ്മിൽ ബാംഗ്ലൂരിൽ നടന്ന സംവാദത്തിൽ വളരെ ഹൃദ്യമായ രംഗങ്ങൾ അരങ്ങേറി. രവിശങ്കറിന്റെ പുസ്തകത്തിൽ കടന്നുകൂടിയ ഇസ്‌ലാമിനെ കുറിച്ചുള്ള തെറ്റായ വിശകലനങ്ങൾ പ്രമാണങ്ങൾ ഉദ്ധരിച്ചു സാകിർ നായ്ക് യുക്തിയുക്തം വിശദീകരിച്ചപ്പോൾ ഇസ്‌ലാമിനെക്കുറിച്ച് വേണ്ടത്ര പഠിക്കാൻ കഴിഞ്ഞില്ലെന്നും അടുത്ത എഡിഷനിൽ അതിൽ തിരുത്ത് വരുത്തുമെന്നും വളരെ സൗമ്യനായി ശ്രീ ശ്രീ രവിശങ്കർ പ്രതികരിച്ചു.

മറ്റൊരു രംഗം. ഇസ്‌ലാമും ഭീകരവാദവും എന്ന വിഷയത്തിൽനടന്ന ഒരു ചർച്ചയിൽ മുസ്‌ലിംകൾ വന്ദേമാതരം ചൊല്ലാത്തതിനെക്കുറിച്ച് ഒരു മാധ്യമപ്രവർത്തകൻ ചോദിച്ചപ്പോൾ ഡോ. നായിക് ഹൈന്ദവ വേദങ്ങൾ ഉദ്ധരിച്ചുള്ള മറുപടിയും എല്ലാം രാഷ്ട്രീയ ഗിമ്മിക്കുകളാണെന്ന സമർഥനവും ചോദ്യകർത്താവിൽ ഉളവാക്കിയ സംതൃപ്തിയും നിർവൃതിയും ക്യാമറാമാൻ ദീർഘനേരം ക്ലോസ് ആംഗിളിൽ കാണിക്കുന്നത് മറക്കാൻ കഴിയാത്ത രംഗമാണ്.

najidaadiraja@gmail.com

---

സുഹൈറലി തിരുവിഴാംകുന്ന്

# ഇസ്‌ലാമിക പ്രബോധനവും സാമൂഹിക ഇടപെടലുകളും

**ഇസ്‌ലാമിക** പ്രബോധനത്തിന്റെ രീതികളിലൊന്നായ ആശയസംവാദത്തിൽ വിശ്വാസികളുടെ മാതൃക ഖുർആനും പ്രവാചകന്മാരുടെ പ്രബോധന രീതികളുമാണ്. പ്രവാചകന്മാരുടെ പ്രബോധനത്തിൽ കാണുന്ന മുൻഗണനാക്രമങ്ങളിലെ മാറ്റം അതത് കാലഘട്ടങ്ങളുടെ സ്വഭാവവിശേഷങ്ങൾ പരിഗണിച്ചാണെന്നും മനസ്സിലാക്കാം. അടിസ്ഥാന ലക്ഷ്യം ഒന്നായിരിക്കെതന്നെ ശൈലിയും ഊന്നലുകളും വ്യത്യസ്തമാവുന്നതിന് തടസ്സമില്ലെന്നർഥം.

സകല പ്രവാചകന്മാരും പ്രബോധനത്തിന്റെ അടിസ്ഥാനമായി സ്വീകരിച്ചത് ഏകദൈവത്തിലേക്കുള്ള ക്ഷണം(തൗഹീദ്) തന്നെയായിരുന്നു. "ഞാനല്ലാതെ ഒരു ഇലാഹില്ലെന്നും അതിനാൽ എനിക്ക് ഇബാദത്ത് ചെയ്യണമെന്നും ബോധനം നൽകിയിട്ടല്ലാതെ താങ്കൾക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (ഖുർആൻ 21:25). തൗഹീദും അതിന്റെ താൽപര്യങ്ങൾക്ക് അനിവാര്യമായതുമല്ലാത്ത ഒരു കാര്യവും പ്രവാചകന്മാർ പറഞ്ഞിട്ടില്ലെന്ന് വ്യക്തം.

പ്രവാചകന്മാർ ജനകീയ സാമൂഹിക പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടിരുന്നു എന്നതും വസ്തുതയാണ്. എങ്കിൽ അത്തരം ഇടപെടലുകളും തൗഹീദിന്റെ അനിവാര്യ താൽപര്യങ്ങളായിരിക്കണം. അഥവാ ആത്മീയ-ആരാധനാ മേഖലകൾക്കപ്പുറം സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിലും തൗഹീദിന്റെ ഇടപെടലുകളുണ്ടാവണം. ജനജീവിതത്തിന്റെ ഏതു മേഖലയിലാണോ തൗഹീദിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമായി താഗൂത്തും ജാഹിലിയ്യത്തും പിടിമുറുക്കിയിരിക്കുന്നത്, അവയുടെ നിരാകരണമായിരുന്നു പ്രവാചകന്മാരുടെ പ്രാഥമിക ഊന്നൽ. അത് പലപ്പോഴും വിഗ്രഹപൂജയും ബഹുദൈവാരാധനയും തന്നെയായിരുന്നു. ദേഹേഛയും അഹങ്കാരവും താൻപോരിമയുമെല്ലാമായിരുന്നു മറ്റു ചിലപ്പോൾ. സമ്പന്നരുടെ ഗർവും സ്വേഛാധിപത്യവുമൊക്കെയാവും മറ്റവസരങ്ങളിൽ. ജനങ്ങളെ ദൈവികമാർഗത്തിൽനിന്ന് തടയുന്ന ഏറ്റവും വലിയ തിന്മയേതോ അതിനെതിരെയായിരുന്നു പ്രവാചകന്മാരുടെ മുഖ്യപോരാട്ടം.

എല്ലാ കാലത്തും ഒരേ തരത്തിലുള്ള ശിർക്കും ജാഹിലിയ്യത്തുമായിരുന്നില്ല നിലനിന്നിരുന്നത്. അതുകൊണ്ടു തന്നെ പൊതുവായ മുൻഗണനാക്രമം നിശ്ചയിക്കാൻ കഴിയില്ല. അത് നിർണയിച്ചിരുന്നത് സാഹചര്യങ്ങളുടെ തേട്ടങ്ങളാണ്. പക്ഷേ അടിസ്ഥാനം എപ്പോഴും തൗഹീദ് തന്നെയായിരുന്നു.

പ്രവാചകന്മാരുടെ പ്രബോധന പ്രവർത്തനങ്ങൾ വിശകലനം ചെയ്യുമ്പോൾ ഇക്കാര്യം വ്യക്തമാവുന്നതാണ്. ജനങ്ങളുടെ അജ്ഞത മുതലെടുത്ത് അവരുടെ ആത്മീയാഭിനിവേശങ്ങളെ ചൂഷണം ചെയ്യുന്ന പൗരോഹിത്യത്തിന്റെ തേർവാഴ്ചയായിരുന്നു മിക്ക ചരിത്ര ഘട്ടങ്ങളിലും. ജനം അന്ധവിശ്വാസങ്ങളിലും കപട ആത്മീയതകളിലും ഒതുങ്ങിക്കൂടേണ്ടത് ഭരണ-വരേണ്യ വർഗത്തിന്റെ ആവശ്യവുമായിരുന്നു.

ഈ ആത്മീയ-ഭരണ സഖ്യത്തിനെതിരെയായിരുന്നു പ്രവാചകനായ ഇബ്റാഹീം(അ) ശബ്ദിച്ചത്. ബിംബാരാധനയെ എതിർത്തപ്പോഴും വിഗ്രഹങ്ങൾ തച്ചുടച്ചപ്പോഴും നംറൂദിനെ ചൊടിപ്പിച്ചതും അതു തന്നെ. ഇതേ കൂട്ടുകെട്ട് ഫറോവ ഭരണത്തിലും കാണാം. മൂസാനബി(അ)ക്കെതിരെ ജനങ്ങളെ ഇളക്കിവിടാൻ ഫറോവ എടുത്തിട്ട തുറുപ്പ് ചീട്ടും അതായിരുന്നു (7:127). ഇവൻ നമ്മുടെ ദൈവങ്ങളെയെല്ലാം തള്ളിപ്പറയുന്നുവെന്നാണ് ഫറോവ പറഞ്ഞത്.

ഭൗതികമായ ജീവിത പ്രയാസങ്ങളിൽനിന്ന് ജനങ്ങളെ മോചിപ്പിക്കലല്ല, നരകശിക്ഷയിൽനിന്ന് അവരെ മോചിപ്പിക്കലാണ് പ്രധാനമെന്നും അതുകഴിഞ്ഞിട്ടേ മറ്റേതു സാമൂഹിക സേവനങ്ങൾക്കും പ്രസക്തിയുള്ളൂവെന്നെല്ലാമുള്ള വാദങ്ങൾ ഇവിടെ അപ്രസക്തമാവുകയാണ്. ഇക്കാര്യം അറിയാഞ്ഞിട്ടാണോ ബഹുദൈവാരാധനയിൽനിന്ന് ജനങ്ങളെ രക്ഷപ്പെടുത്താൻ കൽപിക്കുന്നതിനു മുമ്പ് ഫറോവയുടെ മർദനങ്ങളിൽനിന്ന് ജനങ്ങളെ മോചിപ്പിക്കാൻ അല്ലാഹു ആവശ്യപ്പെട്ടത്?! ചുരുക്കത്തിൽ ഇബ്റാഹീം നബിയുടെ പ്രബോധനത്തിലെ പ്രഥമ പരിഗണന ആരാധനാ ശിർക്കും (28:69-89), മൂസാ(അ)യുടെ പ്രബോധനത്തിലെ ആദ്യപരിഗണന അധികാര ശിർക്കും (79:18) ആയിരുന്നു. ആദ്യം സംസാരിക്കേണ്ടത് ആരാധനാ ശിർക്കിനെതിരെയല്ലേ എന്ന് മൂസാ(അ) അല്ലാഹുവിനോട് ചോദിച്ചില്ല. കാരണം അവിടത്തെ ആരാധനാമൂർത്തികളെക്കാൾ ജനജീവിതം നിർണയിച്ചിരുന്നത് അധികാര താഗൂത്തായിരുന്നുവെന്ന് മൂസാനബിക്കും അല്ലാഹുവിനും നന്നായറിയാ

മായിരുന്നു (43:51).

സ്വവർഗരതിയെന്ന ജാഹിലിയ്യത്തായിരുന്നു ലൂത്വ് നബിയുടെ സമൂഹത്തെ കാർന്നുതിന്നിരുന്ന മാരകവിപത്ത്. തൗഹീദിനെന്നല്ല മാനവികതക്ക് പോലും നിരക്കാത്ത തിന്മയായിരുന്നു അവരുടേത്. ഇതിലെവിടെയാണ് ശിർക്കും തൗഹീദുമെന്നൊന്നും ചോദിച്ച് ലൂത്വ് നബി അല്ലാഹുവുമായി തർക്കിച്ചില്ല. അത്തരം ജീർണതയിൽനിന്ന് കരകയറിയാലേ ഏക ദൈവാരാധന പോലും അവരിലേശുകയുള്ളൂ. അതുകൊണ്ട് അല്ലാഹുവിനെ സൂക്ഷിക്കാനും മ്ലേഛവൃത്തി വെടിയാനുമാണ് ലൂത്വ് അവരോടാവശ്യപ്പെട്ടത് (7:80-84).

ഹൂദ് നബിയും സ്വാലിഹ് നബിയും ശുഐബ് നബിയും അല്ലാഹു അല്ലാതെ മറ്റൊരു ഇലാഹില്ലെന്നും അവന് മാത്രമേ നിങ്ങൾ ഇബാദത്ത് ചെയ്യാവൂ എന്നും (7:65, 73, 85) ആദ്യമായി പ്രഖ്യാപിച്ചു. അവനെ സൂക്ഷിച്ച് ജീവിക്കാനും തങ്ങളെ അനുസരിക്കാനും കൽപിച്ചു. പ്രഥമ പരിഗണന ആരാധനാ ശിർക്കിന് തന്നെ. എന്നാൽ അതേ പ്രവാചകന്മാർ തന്നെ, പാറകൾ തുരന്ന് വീടുണ്ടാക്കുന്നതിനെതിരെയും പൊങ്ങച്ചത്തിനെതിരെയും കച്ചവട കൃത്രിമത്വത്തിനെതിരെയുമെല്ലാം ശബ്ദിച്ച് സാമൂഹിക പ്രശ്നങ്ങളിൽ ഇടപെട്ടത് എല്ലാവരും ഏകദൈവാരാധന നടത്താൻ തുടങ്ങിയതിന് ശേഷമായിരുന്നോ? എല്ലാ തിന്മകളുടെയും മൂലഹേതു ബിംബാരാധനയായിരുന്നെങ്കിൽ അതിനെതിരെ മാത്രം ശബ്ദിച്ചാൽ പോരായിരുന്നോ? വലിയ തിന്മ നാട്ടിലുണ്ടായിട്ടും അതില്ലാതാവുന്നതിന് മുമ്പ് എന്തിന് 'നിസ്സാര' കാര്യങ്ങളിലിടപെട്ടു? മുൻഗണനാക്രമമെന്നാൽ ഒരു കാര്യം എല്ലാവരും അംഗീകരിച്ചതിനുശേഷം മറ്റൊന്ന് എന്നാണോ? അപ്രകാരം ഏതെങ്കിലുമൊരു പ്രവാചകൻ പ്രബോധനം നിർവഹിച്ചിട്ടുണ്ടോ?

ജീവിതം മുഴുവൻ സംസ്കരിക്കുന്ന ആദർശവും ജീവിത ദർശനവുമായി അന്ത്യപ്രവാചകൻ കടന്നുവന്നപ്പോഴും സമൂഹത്തിലെ എല്ലാതരം തിന്മകൾക്കുമെതിരെ ശക്തമായി രംഗത്ത് വന്നു. പ്രവാചകന്റെ പ്രബോധനത്തിന്റെ ഭാഗം തന്നെയായിരുന്നു സാമൂഹിക സേവനങ്ങളും നമസ്കാരത്തിനും നോമ്പിനും കൽപിക്കുന്നതിന് മുമ്പ് അഗതികളുടെയും അനാഥകളുടെയും അടിമകളുടെയും കാര്യത്തിൽ ഖുർആൻ വാക്യങ്ങളിറങ്ങിയതും (90:11-16). കഅ്ബയിൽ 360ൽപരം വിഗ്രഹങ്ങൾ പൂജിക്കപ്പെട്ടുകൊണ്ടിരിക്കെ കച്ചവട കൃത്രിമത്വത്തിനെതിരെ ശബ്ദിച്ചതും (83:1-3), സമൂഹം ശിർക്ക് ഒഴിവാക്കുന്നതിന് മുമ്പ് തന്നെ കുഴിച്ചുമൂടപ്പെട്ട പെൺകുട്ടികൾക്ക് വേണ്ടി രംഗത്തുവന്നതും (81:9) ഈ അടിസ്ഥാനത്തിൽ തന്നെയായിരുന്നു.

ബഹുദൈവാരാധന ജനജീവിതത്തെ സ്വാധീനിച്ചിരുന്ന കാലത്തു തന്നെ പ്രവാചകന്മാർ ഗൗരവമായി ഇതര പ്രശ്നങ്ങളിലിടപെട്ടു. ഇന്നാവട്ടെ മനുഷ്യരെ ദൈവിക മാർഗത്തിൽനിന്നും തടയുന്ന ഘടകങ്ങൾ അനേകമാണ്. സ്വാഭാവികമായും പ്രബോധകന് അതും വിഷയമാവേണ്ടതുണ്ട്.

മുതലാളിത്തത്തിന്റെ ദുരന്തഫലമെന്നോണം ഇന്ന് സാമ്പത്തികാസമത്വങ്ങൾ വർധിച്ചു കൊണ്ടിരിക്കുകയാണ്. അടിസ്ഥാന മൗലികാവകാശങ്ങൾ നിഷേധിക്കപ്പെട്ട് സമൂഹത്തിന്റെ നല്ലൊരുഭാഗം അവഗണിക്കപ്പെടുമ്പോൾ അവർക്കു വേണ്ടി ശബ്ദിക്കേണ്ടത് വിശ്വാസിയായ പ്രബോധകന്റെ ബാധ്യതയാണ്. അതിനാൽ "തങ്ങൾ ഉൾക്കൊള്ളുന്ന ആശയത്തിന്റെ ഔജല്യത്തെക്കുറിച്ച് മനസ്സിലാക്കാത്തവരാണ് ആദർശത്തെ സാമൂഹിക സേവന പ്രവർത്തനങ്ങളുടെ വർണക്കടലാസിൽ അവതരിപ്പിക്കുമെന്ന് പറയുന്നത്." "....സകല ദർശനങ്ങളെയും അതിജയിക്കാനായി സർവശക്തൻ അവതരിപ്പിച്ച സത്യമതത്തെ മനുഷ്യനിർമിത വർണക്കടലാസുകളിൽ പൊതിഞ്ഞ് അവതരിപ്പിക്കേണ്ടതില്ല" (എം.എം അക്ബർ *പ്രബോധനം* 15/08/2009) തുടങ്ങിയ പരാമർശങ്ങൾ വളരെയേറെ തെറ്റിദ്ധാരണകൾ ജനിപ്പിക്കുന്നതാണ്.

ഇസ്‌ലാമിന്റെ ഉജ്വലത നന്നായി മനസ്സിലാക്കിയ പ്രവാചകൻ തന്നെയാണ് സാമൂഹിക സേവന രംഗത്തും വിശ്വാസികൾക്കുള്ള മാതൃക. ഒരാൾ സാമൂഹിക സേവന രംഗത്ത് നിറഞ്ഞുനിൽക്കുന്നത് ഇസ്‌ലാമിന്റെ ഉജ്വലത പ്രകാശിപ്പിച്ചാണ്. സത്യമതം അവതരിപ്പിച്ച സർവശക്തൻ തന്നെയാണ് സമസൃഷ്ടികളോടുള്ള ബാധ്യതകൾ കൽപിച്ചതും. ■

zuhairalik@gmail.com